**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1195** **04-07-2022 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേയിൽ കാസർഗോഡ് ജില്ലയിൽ ഇനിയും എത്ര കിലോമീറ്റർ റോഡുകൾ നവീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ചേവാർ മുതൽ എടപ്പറമ്പ വരെയുള്ള 27.97 കിലോമീറ്ററും കോളിച്ചാൽ ചെറുപുഴ റീച്ചിലെ 2.78 കിലോമീറ്റർ വനഭൂമിയും കോളിച്ചൽ എടപ്പറമ്പ റീച്ചിലെ 3.61 കിലോമീറ്ററും ആണ് ഇനി നവീകരിക്കാനുള്ളത്. കാസർഗോഡ് ജില്ലയിൽ 23 കി.മീ. ദൂരം പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. 48.82 കിലോമീറ്റർ ദൂരം പ്രവൃത്തി പുരോഗതിയിലാണ്. |
| (ബി) | കാസർഗോഡ് ജില്ലയിലെ അവസാന റീച്ചായ ചെറുപുഴ വരെയുള്ള പാത നവീകരിക്കാൻ ടെന്റർ എടുത്തു വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയിൽ ആകെയുള്ള 28.87 കിലോമീറ്ററിൽ 16.95 കിലോമീറ്റർ ഭാഗത്തെ BC പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടിട്ടുണ്ട്. ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിൽ കാലതാമസവും വനഭൂമി ലഭ്യമാകുന്നതിനുള്ള കാലതാമസവുമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വന്നതിന്റെ കാരണം. |
| (സി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ? | (സി) | തടസ്സങ്ങൾ ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തി 31.12.2022 – ൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ